5689379/2023

1/2

By Fax

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.എ.ആർ 13(2)/256/2022/ഉഭപവ
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-13 )വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-04-2023

**<u>സർക്കുലർ</u>**

വിഷയം:- വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ഇ-മെയിൽ ഐ.ഡി., ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:- (1) 07.11.2022- ലെ 209/എ.ആർ 13(2)/2022/ഉഭപവ. സർക്കുലർ.

(2) വിവരസാങ്കേതിക വിദ്യ (ഐ.റ്റി സെൽ) വകുപ്പിന്റെ 24.02.2023-ലെ ഐ.റ്റി.സെൽ 2/40/2023/വി.സാ.വ സർക്കുലർ.

സൂചന (1) പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിലും നിവേദനങ്ങളിലും അപേക്ഷകളിലും മറുപടി ഇ-മെയിലിൽ മാത്രം മതി എന്ന് പ്രത്യേകം സൂചിപ്പിച്ചിട്ടുള്ള കേസുകളിൽ അപ്രകാരം മറുപടി അയച്ചാൽ മതിയാകും എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുജനങ്ങളിൽ നിന്ന് സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾക്ക് ഇ-മെയിൽ വഴി രസീത് ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷാ ഫോറങ്ങളിൽ അപേക്ഷകന്റെ ഇ-മെയിൽ ഐ.ഡി, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിൽ അപേക്ഷാ ഫോറങ്ങൾ പരിഷ്കരിക്കേണ്ടതാണ്. കൂടാതെ സമർപ്പിക്കുന്ന അപേക്ഷകൾ/ നിവേദനങ്ങൾ/പരാതികൾ എന്നിവയിൽ അപേക്ഷകൻ്െറ ഇ-മെയിൽ ഐ.ഡി., ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പൊതുജനങ്ങൾക്ക് ദ്ൃശ്യമാകുന്ന രിതിയിൽ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതാണ്. ഇക്കാര്യം അതാതു വകുപ്പുമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signed by
Deepakumari C V
Date: 18-04-2023 11:55:09
സെക്ഷൻ ഓഫീസർ

DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

2/2

പകർപ്പ്

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും.

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിനായി).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.